# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2576 — 19.12.2012-ലെ മറുപടിക്ക്

## നൂറനാട് ലെപ്രസി സാനട്ടോറിയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ വകുപ്പിനു കീഴിലുള്ള മാവേലിക്കര- മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനട്ടോറിയത്തിന്റെ സ്ഥലം ഐ.റ്റി.ബി.എഫ്-നോ സി.ആർ.പി.എഫ്-നോ കൊടുക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ: | എ) & ബി) ആരോഗ്യ വകുപ്പിനു കീഴിലുള്ള മാവേലിക്കര- മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനട്ടോറിയത്തിലെ 50 ഏക്കർ സ്ഥലം ഐ.റ്റി.ബി.പി-ക്ക് കൊടുക്കാൻ 23.7.2012 -ൽ മുഖ്യമന്ത്രി വിളിച്ച് കൂട്ടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയതിൻ പ്രകാരം സ്ഥലത്തിന്റെ പുറ്റളവിലുള്ള 25 ഏക്കർ സ്ഥലം കണ്ടെത്തുവാനും ആയത് സാനട്ടോറിയത്തിനോട് ചേർക്കാനും 20 ഏക്കർ ഹോസ്പിറ്റലിനും ക്വാർട്ടേഴ്സിനും 50 ഏക്കർ ഐ.റ്റി.ബി.പി-യ്ക്കും 71 ഏക്കർ ആരോഗ്യ വകുപ്പിന് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസോ അത് പോലെ സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്കോ വേണ്ടിയുള്ള ഒരു പ്ലാൻ തയ്യാറാക്കാൻ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത സ്ഥലം ആരോഗ്യ വകുപ്പിനുകീഴിൽ നിലനിർത്തി ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ: | |

| | | | |
|---|---|---|---|
| സി) | ജയിൽ വകുപ്പ് സമർപ്പിച്ച 300 കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | സി) & ഡി) | ജയിൽ വകുപ്പ് സമർപ്പിച്ച 300 കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപതിയുടെ പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി മാത്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | |
| ഇ) | മാവേലിക്കര ആയുർവ്വേദ ആശുപത്രിയിൽ കൂടുതൽ ബഡുകൾ അനുവദിക്കുന്നതിനും ഇതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനും സഹായം നൽകുമോ; | ഇ) | ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിത്തരുന്ന മുറയ്ക്ക് ടി ആശുപത്രിയിൽ കൂടുതൽ കിടക്കകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| എഫ്) | പ്രസ്തുത ആശുപത്രിയിൽ മരുന്നുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എഫ്) & ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ജി) | പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ